13
വെള്ളി
2018 ഏപ്രിൽ
1193 മീനം 30

# മക്തബ്

www.makthabdaily.com

റെഡിമെയ്ഡ്
കട്ടിള, ജനൽ, ഡോർ
കട്ടിള 3,750/-
3 പാളി ജനൽ 9,350/-
ഡോർ 2,400/-
സോന വുഡ്
N.H ചിറവക്ക്, തളിപ്പറമ്പ് | N.H മാങ്ങാട്
Mob: 8592 888005 | 8593 888 013

തളിപ്പറമ്പ

### നടപടി സിറിഞ്ചും സൂചിയും കണ്ടെത്തിയതിനെ തുടർന്ന്

# കോമൺവെൽത്ത് ഗെയിംസ്; രണ്ട് മലയാളി താരങ്ങളെ പുറത്താക്കി

ഗോൾഡ്ഹോസ്റ്റിൽ(ഓസ്ട്രേലിയ): കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യക്ക് നാണക്കേടിന്റെ ദിനം. രണ്ട് മലയാളി താരങ്ങളെ ഗെയിംസ് വില്ലേജിൽ നിന്ന് പുറത്താക്കി. കെ.ടി. ഇർഫാൻ, രാകേഷ് ബാബു എന്നിവരെയാണ് പുറത്താക്കിയത്. രാകേഷ് ബാബുവിന്റെ ബാഗിൽ നിന്ന് സിറിഞ്ചും ഇരുവരും താമസിക്കുന്ന മുറിക്ക് പുറത്ത് നിന്ന് സൂചിയും കണ്ടെത്തിയതിനെ തുടർന്നാണ് നടപടി. ഇവരുടെ അക്രഡിറ്റേഷൻ ഗെയിംസ് കമ്മിറ്റി റദാക്കിയിട്ടുണ്ട്. ഇരുവരെയും ഏറ്റവും ആദ്യം ലഭിക്കുന്ന വിമാനത്തിൽ ഇന്ത്യയിലേക്ക് തിരിച്ചയക്കണമെന്ന് ഇന്ത്യൻ സംഘത്തലവന് കർശന നിർദേശവും നൽകിയിട്ടുണ്ട്. ഇന്ത്യൻ സംഘത്തലവൻ അടക്കം മൂന്നു പേർക്ക് താക്കീതും നൽകിയിട്ടുണ്ട്.

നേരത്തെ ഭാരോദ്വഹനം താരങ്ങൾക്കെതിരെ ഉയർന്ന ചില ആരോപണത്തെ തുടർന്ന് ഇന്ത്യൻ സംഘത്തിന് കർശന താക്കീത് നൽകിയിരുന്നു. അതിന് പിറകെയാണ് സൂചിയും സിറിഞ്ചും കണ്ടെത്തിയ സംഭവം ഉണ്ടായത്. കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യ മുന്നേറ്റം നടത്തുന്നതിനിടയിലാണ് നാണക്കേട്


ഇർഫാൻ


രാകേഷ് ബാബു

ഉണ്ടാക്കിയ ഈ സംഭവം ഉണ്ടായത്. ഓസ്ട്രേലിയക്കും ഇംഗ്ലണ്ടിനും പിറകിൽ മെഡൽ പട്ടികയിൽ ഇന്ത്യ മൂന്നാംസ്ഥാനത്താണ് ഉള്ളത്. കഴിഞ്ഞ തവണ കോമൺവെൽത്ത് ഗെയിംസിൽ 15 സ്വർണ്ണം നേടിയ ഇന്ത്യക്ക് നിലവിൽ ഓസ്ട്രേലിയയിൽ 15 സ്വർണ്ണം നേടാൻ കഴിഞ്ഞിട്ടുണ്ട്. ഗെയിംസ് അവസാനിക്കാൻ ഇനിയും രണ്ട് ദിനം കൂടിയുണ്ട്. അതിനാൽ ഇന്ത്യയുടെ സ്വർണ്ണമെഡൽ കഴിഞ്ഞ തവണത്തെക്കാളും കൂടുമെന്നാണ് പ്രതീക്ഷ.

നിലവിലെ ദേശീയ റെക്കോർഡ് താരമായ ഇർഫാൻ ലണ്ടൻ ഒളിമ്പിക്സിൽ നടത്തത്തിൽ പത്താം സ്ഥാനത്തെത്തിയിരുന്നു. ഇത്തവണ കോമൺവെൽത്ത് ഗെയിംസിൽ 20 കിലോമീറ്റർ നടത്തത്തിൽ 13-ാം സ്ഥാനത്തെത്തി പുറത്തായിരുന്നു. എന്നാൽ ട്രിപ്പിൾ ജംബ് താരമായ രാകേഷ് ബാബു ഫൈനൽ റൗണ്ടിൽ എത്തിയിട്ടുണ്ട്. നാളെ ഫൈനൽ റൗണ്ട് നടക്കാനിരിക്കെയാണ് പുറത്താക്കിയത്.

## എസ്.എസ്.എൽ.സി: അഞ്ച് മാർക്ക് ലഭിച്ചവർക്ക് മാർക്ക് കൂട്ടി നൽകുവാൻ നിർദേശം

കണ്ണൂർ: എസ്.എസ്.എൽ.സി വിജയശതമാനം ഉയർത്താൻ കുറുക്കുവഴി. അഞ്ചുമാർക്ക് ലഭിക്കുന്ന വിദ്യാർത്ഥിയുടെ മാർക്ക് പത്തായി ഉയർത്തണമെന്ന് നിർദേശം. എക്സാം ഡപ്യൂട്ടി ചീഫുമാർക്കാണ് വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഇതുസംബന്ധിച്ച നിർദേശം ലഭിച്ചത്.

100 മാർക്കിന്റെ പരീക്ഷയിൽ 80 മാർക്കാണ് എഴുത്തു പരീക്ഷയ്ക്ക്. 20 മാർക്ക് നിരന്തര മൂല്യനിർണ്ണയത്തിനാണ്. നിരന്തര മൂല്യനിർണ്ണയത്തിന്റെ ഫുൾമാർക്ക് മിക്ക കുട്ടികൾക്കും നൽകുകയാണ് പതിവ്. ജയിക്കാൻ 30 മാർക്കാണ് വേണ്ടത്. നിരന്തര മൂല്യനിർണ്ണയ മാർക്കിനൊപ്പം എഴുത്തുപരീക്ഷയിൽ 10 മാർക്ക് ലഭിച്ചാൽ വിജയിക്കാം. അതിനാലാണ് അഞ്ച് മാർക്ക് മുതൽ ഒമ്പത് മാർക്ക് വരെ ലഭിക്കുന്ന വിദ്യാർത്ഥിയുടെ മാർക്ക് പത്താക്കാൻ നിർദേശം നൽകിയിട്ടുള്ളത്. ഇംഗ്ലീഷ്, കണക്ക്, സാമൂഹ്യപാഠം എന്നിവയ്ക്കാണ് 100 മാർക്കിന്റെ ചോദ്യം. 50 മാർക്കിന്റെ വിഷയങ്ങൾക്ക് 40 മാർക്ക് എഴുത്തു പരീക്ഷയും പത്ത് മാർക്ക് നിരന്തര മൂല്യനിർണ്ണയവും വഴിയാണ്. ഇത്തവണ എഴുത്തുപരീക്ഷയുടെ ഹാൾടിക്കറ്റിനൊപ്പം നിരന്തര മൂല്യനിർണ്ണയത്തിന്റെ മാർക്കും പ്രിന്റ് ചെയ്തിരുന്നു. ഇത് മാർക്ക് ദാനത്തിന്റെ മുന്നോടിയായുള്ള നടപടി ക്രമമാണെന്ന സംശയവും ഉയർന്നിട്ടുണ്ട്.

കൂടുതൽ വാർത്തകളടങ്ങിയ മറ്റൊരു മക്തബ് ഇന്നത്തെ പത്രത്തോടൊപ്പം

## കോടതിയുടെ ചുമതലയുള്ള ജീവനക്കാരിക്ക് അസഭ്യവർഷം; എസ്.ഐക്ക് കോടതിയുടെ താക്കീത്

തളിപ്പറമ്പ:കോടതിയുടെ ചുമതലയിലുള്ള ജീവനക്കാരിയുടെ മൊബൈൽ ഫോൺ ബലമായി പിടിച്ച് വാങ്ങി ദൃശ്യങ്ങൾ ഡിലീറ്റ് ചെയ്യുകയും ഭീഷണിപ്പെടുത്തുകയും ചെയ്ത തളിപ്പറമ്പ് എസ്.ഐ ബിനുമോഹനന് കോടതിയുടെ താക്കീത്. കഴിഞ്ഞ ദിവസമാണ് സംഭവങ്ങളുടെ തുടക്കം. കോടതിയുടെ ചുമതലയിലുള്ള ലീഗൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പാരാ ലീഗൽ വളണ്ടിയർ എന്നൊരു തസ്തികയുണ്ട്. സബ്ജഡ്ജിയാണ് ഇവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നത്. താലൂക്ക് സ്ഥലത്ത് നിയമിക്കുന്ന ഇവർ എല്ലാ പോലീസ് സ്റ്റേഷനുകളിലും ചെന്ന് പരിശോധന നടത്തുകയും കേസുകളെയും കസ്റ്റഡിയിലുള്ളവരെയും സംബന്ധിച്ച വിവരങ്ങൾ കോടതികൾക്ക് റിപ്പോർട്ട് നൽകുകയും വേണം. അങ്ങനെ കഴിഞ്ഞ ദിവസം തളിപ്പറമ്പ് പോലീസ് സ്റ്റേഷനിൽ ഏഴോം സ്വദേശിനിയായ വളണ്ടിയർ എത്തിയപ്പോൾ അവിടെ മദ്യപിച്ചതിന് പോലീസ് കസ്റ്റഡിയിലെടുത്ത ഒരാളുണ്ടായിരുന്നു. ഇയാളെ എസ്.ഐ ചീത്ത വിളിക്കുന്നത് ശ്രദ്ധയിൽപ്പെട്ട വളണ്ടിയർ അത് മൊബൈൽ ഫോണിൽ റെക്കോർഡ് ചെയ്യാൻ ശ്രമിച്ചു. ഇക്കാര്യം ഒരു പോലീസുകാരൻ എസ്.ഐയോട് പറഞ്ഞു. ക്ഷുഭിതനായ എസ്.ഐ വളണ്ടിയറെ ചീത്ത വിളിക്കുകയും മേലാൽ സ്റ്റേഷനിൽ കയറിപ്പോയാൽ നടു അടിച്ച് പൊളിക്കുമെന്നും മറ്റും ഭീഷണിപ്പെടുത്തുകയും ചെയ്തു. യുവതിയുടെ കയ്യിലെ ഫോൺ പിടിച്ചുവാങ്ങി ദൃശ്യങ്ങൾ നശിപ്പിക്കുകയും ചെയ്തു. ഇക്കാര്യം റെക്കോർഡ് ചെയ്ത വളണ്ടിയർ തളിപ്പറമ്പ് എം.എ.സി.ടി ജഡ്ജിയുടെ ചുമതല വഹിക്കുന്ന ജില്ലാ ജഡ്ജിക്ക് പരാതി നൽകി. ഇതേ തുടർന്നാണ് കോടതി എസ്.ഐയെ വിളിച്ചുവരുത്തി രൂക്ഷമായി വിമർശിക്കുകയും മേലാൽ ആവർത്തിക്കരുതെന്ന താക്കീത് നൽകി വിടുകയും ചെയ്തത്. സ്റ്റേഷനുകളിൽ എത്തുന്നവരോട് മാന്യമായി പെരുമാറണമെന്ന ഡി.വൈ.എസ്.പിയുടെ സർക്കുലർ വന്ന ദിവസമാണ് യുവതിക്ക് ദുരനുഭവം ഉണ്ടായത്.

### ദൃശ്യങ്ങൾ വിദഗ്ധ പരിശോധനക്കയച്ചില്ല

## സുരേഷ് കീഴാറ്റൂരിന്റെ വീടാക്രമണ കേസ് പോലീസ് എഴുതിത്തള്ളും

തളിപ്പറമ്പ: ഒട്ടേറെ പ്രമാദമായ കേസുകൾ ഉന്നത സമ്മർദത്തെ തുടർന്ന് എഴുതിതള്ളുകയോ ലോങ്ങ് പെൻഡിംഗ് കേസായി മാറ്റുകയോ ചെയ്ത തളിപ്പറമ്പ പോലീസ് വയൽക്കിളി നേതാവ് സുരേഷ് കീഴാറ്റൂരിന്റെ വീടാക്രമണ കേസും എഴുതിത്തള്ളാൻ തീരുമാനിച്ചു. ഈ കേസിലെ അന്വേഷണം പൂർണ്ണമായും നിലച്ചിരിക്കുകയാണ്. അന്വേഷണം നിലച്ചതിന് പിന്നിൽ ദുരൂഹത ആരോപിച്ച് വയൽക്കിളികളും കോൺഗ്രസ് ഉൾപ്പെടെയുള്ള പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളും രംഗത്തുവന്നുകഴിഞ്ഞു. പോലീസ് സ്റ്റേഷൻ മാർച്ച് ഉൾപ്പെടെയുള്ള സമര പരിപാടികൾക്ക് നീക്കം ശക്തമായിട്ടുണ്ട്. സുരേഷ് കീഴാറ്റൂരിന്റെ വീട് അക്രമിച്ച സംഘം സഞ്ചരിച്ച ബൈക്കിന്റെ ദൃശ്യം പോലീസിന് ലഭിച്ചിരുന്നു. എസ്.ഐ ബിനുമോഹൻ, എ.എസ്.ഐമാരായ രഘു, മൊയ്തീൻ, സി.പി.ഒമാരായ ജാബിർ, റോജിത്ത് എന്നിവരടങ്ങിയ പ്രത്യേക സംഘമാണ് കേസ് അന്വേഷണം നടത്തിയത്. തുടക്കത്തിൽ എന്ത് വില കൊടുത്തും പ്രതികളെ പിടികൂടുമെന്ന വാശിയിലായിരുന്നു പോലീസ് സംഘം. ഈ കേസുമായി ബന്ധപ്പെട്ട് വിവിധ രാഷ്ട്രീയ പാർട്ടിയിലെ എട്ടുപേരെ ചോദ്യം ചെയ്തിരുന്നു. എന്നാൽ പെട്ടെന്ന് കേസ് അന്വേഷണം അവസാനിപ്പിക്കുകയായിരുന്നു. ഇതാണ് ദുരൂഹത ഉളവാക്കിയിരിക്കുന്നത്. നേരത്തെ തളിപ്പറമ്പിൽ നടന്ന പ്രമാദമായ ചില കേസുകൾക്ക് സമാനമായ ഗതി വന്നിരുന്നു. സി.എച്ച്. സെന്റർ തീവെച്ച കേസിലെ പ്രതികളെ തിരിച്ചറിഞ്ഞപ്പോഴും തളിപ്പറമ്പ പോലീസ് അന്വേഷണം പെട്ടെന്ന് നിർത്തിയിരുന്നു. തൃച്ചംബരത്തെ ആർ.എസ്.എസ് കാര്യാലയത്തിന് നേരെ നടന്ന ബോംബാക്രമണം, ബി.ജെ.പി. പ്രവർത്തകന്റെ കാല് കൊത്തിയ സംഭവം, ഈ കേസുകളിൽ സമാനമായ രീതിയിൽ കേസന്വേഷണം അവസാനിപ്പിക്കുകയായിരുന്നു.

നിരീക്ഷണ ക്യാമറയിൽ ലഭിച്ച പ്രതികളുടെ ചിത്രം ഒറ്റനോട്ടത്തിൽ മനസിലാവുന്നില്ല. അതേസമയം ഈ ദൃശ്യം ഫോറൻസിക് ലാബിൽ അയച്ചാൽ വിദഗ്ധർക്ക് തിരിച്ചറിയാൻ കഴിയുമെങ്കിലും ഇതുവരെ അയച്ചിട്ടില്ല. ഇതും ദുരൂഹത വർദ്ധിപ്പിക്കുന്നുണ്ട്.

ഇതേ അവസ്ഥ സുരേഷ് കീഴാറ്റൂരിന്റെ വീടാക്രമണ കേസിലും വന്നത് ചില ബാഹ്യ ഇടപെടലും മൂലമാണെന്നതിന് വ്യക്തമായ തെളിവുകൾ പുറത്ത് വന്നിട്ടുണ്ട്. പ്രമാദമായ കൊലക്കേസുകളിൽ കുറ്റമറ്റൊരു അന്വേഷണം നടത്തി വിദേശത്ത് നിന്നടക്കം പ്രതികളെ പിടികൂടിയ ചരിത്രമുണ്ട് തളിപ്പറമ്പ് പോലീസിന്. കഴിവുള്ള ഓഫീസർമാരും പോലീസുകാരും ഉണ്ടായിട്ടും വ്യക്തമായ തെളിവുകൾ കിട്ടിയിട്ടും പ്രതികളെ പിടികൂടാത്തത് എന്തെന്ന ചോദ്യത്തിന് പോലീസിന് മറുപടി ഇല്ല. വാഹന പരിശോധനയും മദ്യപാനികളെ പിടികൂടി അടിക്കലും മാത്രമാണ് ഇപ്പോൾ തളിപ്പറമ്പിൽ നടക്കുന്ന പ്രധാന ജോലി.

### കേസ് അന്വേഷിക്കുന്നത് രാഷ്ട്രീയ ചായ്വ് പ്രകടിപ്പിച്ച പോലീസുകാർ

തളിപ്പറമ്പ: സുരേഷ് കീഴാറ്റൂരിന്റെ വീടാക്രമിച്ച കേസ് അന്വേഷിക്കുന്നത് സി.പി.എമ്മുമായി അടുത്ത ബന്ധമുള്ള പോലീസുകാരാണെന്ന് വയൽക്കിളി ഐക്യദാർഢ്യ സമിതി ആരോപിച്ചു. പോലീസ് ഓഫീസേർസ് സമ്മേളനത്തിൽ ചുവന്ന കുപ്പായം ധരിച്ച് സെൽഫി എടുത്ത് പോലീസുകാരുടെ വാട്സ്അപ്പ് ഗ്രൂപ്പിലിട്ട പോലീസ് ഉദ്യോഗസ്ഥനാണ് കേസ് അന്വേഷിക്കുന്നത്. തളിപ്പറമ്പിലെ പോലീസുകാരുടെ വാട്സ്ആപ്പ് ഗ്രൂപ്പിൽ നിന്ന് പോലീസുകാർ പുറത്തുവിട്ട ചിത്രം പ്രമുഖ പത്രങ്ങളിലും ടെലിവിഷനുകളിലും വന്നിരുന്നു. ഇതേ പോലീസ് ഉദ്യോഗസ്ഥൻ എങ്ങനെയാണ് സി.പി.എമ്മിനെതിരെ അന്വേഷിച്ച് പ്രതികളെ കണ്ടെത്തുകയെന്നും സമിതി പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി.

## നിയമാനുസൃത മദ്യത്തോടൊപ്പം 21 ലിറ്റർ അനധികൃതമായി കടത്തിയ യുവാവ് അറസ്റ്റിൽ

മഞ്ചേശ്വരം: നിയമാനുസൃതമായി മദ്യം കൊണ്ടുവരാനുള്ള അനുമതിയുടെ മറവിൽ അനധികൃതമായി മദ്യം കടത്തിയ യുവാവ് അറസ്റ്റിൽ. പാലക്കാട് സ്വദേശി ഹരി (48)യെയാണ് മഞ്ചേശ്വരം എക്സൈസ് ചെക്ക്പോസ്റ്റിൽ വെച്ച് പിടികൂടിയത്.

കേരളത്തിലേക്ക് മദ്യം കൊണ്ടുവരാൻ ഹരിയുടെ ലോറിയാണ് ഉപയോഗിക്കുന്നത്. 1440 ലിറ്റർ മദ്യം ലോറിയിൽ കൊണ്ടുവരവെ 21 ലിറ്റർ വരുന്ന 750 മില്ലിയുടെ കുപ്പികൾ ഡ്രൈവറുടെ കാബിനിൽ ഒളിപ്പിച്ചുവെച്ച് കടത്തുകയായിരുന്നു. ഈ രീതിയിൽ ഇയാൾ പലതവണ മദ്യം കടത്തിയിട്ടുണ്ടെന്ന് സംശയം ഉയർന്നിട്ടുണ്ട്.

## ചിറ്റാരിയിൽ നിന്നും അമ്പത് ലിറ്റർ വാഷ് പിടികൂടി

ശ്രീകണ്ഠപുരം: കാഞ്ഞിരക്കൊല്ലി ചിറ്റാരിയിൽ ശ്രീകണ്ഠപുരം എക്സൈസ് പ്രിവന്റീവ് ഓഫീസർ പി.ആർ. സജീവിന്റെ നേതൃത്വത്തിൽ നടത്തിയ റെയ്ഡിൽ അമ്പത് ലിറ്റർ വാഷ് പിടികൂടി. ചിറ്റാരിയിലെ ചപ്പിലി വീട്ടിൽ രോഹിണിക്കെതിരെ കേസെടുത്തു. ഇവരുടെ വീട്ടിൽ നിന്നാണ് വ്യാജ ചാരായ നിർമ്മാണത്തിനായി സൂക്ഷിച്ച വാഷ് പിടികൂടിയത്. പ്രിവന്റീവ് ഓഫീസർ ജോർജ് ഫെർണ്ണാണ്ടസ്, വനിതാ സിവിൽ എക്സൈസ് ഓഫീസർ പി.കെ. മല്ലിക, സി.ഇ.ഒമാരായ പി. ഷിബു, ഷഫീഖ്, ഉല്ലാസ് ജോസ്, ഡ്രൈവർ കേശവൻ എന്നിവരും പരിശോധന സംഘത്തിലുണ്ടായിരുന്നു.

വിഷു ആശംസകൾ
ആദ്യ കുർബ്ബാന ഉടുപ്പുകളുടെ വിപുലമായ സെലക്ഷൻ...
എല്ലാവിധ സ്കൂൾ യൂണിഫോമുകളും
ദി ബെസ്റ്റ്
കലക്ഷൻസ്
കരുവഞ്ചാൽ Ph: 0460 2245 280
പുതുപുത്തൻ വസ്ത്രങ്ങളുടെ കമനീയ ശേഖരം

ആറാം ചരമ വാർഷികം
(13–4–2018)



ഓളിയൻ ചിയ്യയി
കാലിക്കടവ്

ഒരിക്കലും മരിക്കാത്ത ഓർമ്മകളോടെ.....
മക്കൾ: ദേവകി, കണ്ണൻ
മരുമകൾ: ശ്രീജ
പേരക്കുട്ടികൾ: കാവ്യ, ശ്രേയ

